## പതിനാലാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 313 — 17.10.2016-ൽ മറുപടിക്ക്

### മണൽ മാഫിയ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | നദികളിൽ നിന്നുള്ള മണലെടുപ്പ് സർക്കാർ ഏറ്റെടുത്ത്, മണൽ മാഫിയ സംഘങ്ങളെ കർശനമായി നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | നദികളിൽ നിന്നും അനിയന്ത്രിതമായി മണൽ വാരുന്നത് തടയുന്നതിനും, സുതാര്യമായ രീതിയിൽ മണൽ വാരൽ നടപ്പാക്കുന്നതിനും വേണ്ടിയാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് കൊണ്ടു വന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലുള്ള 20 നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും നിലവിൽ 18 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. നിലവിലെ സംവിധാനം സുതാര്യമായാണ് നടപ്പിലാക്കി വരുന്നത്. കടവുകൾ ലേലം ചെയ്തു നൽകി സർക്കാർ മണൽ വിൽപ്പനയിൽ ഇടപെടൽ നടത്തി വരുന്നു. മണൽ മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും നിർമ്മാണ മേഖലയ്ക്കും പൊതുജനങ്ങൾക്കും മണലിന്റെ ലഭ്യത |
| ബി) | പരിസരവാസികൾക്കും പോലീസ്, റവന്യൂ ഉദ്യോഗസ്ഥൻമാർക്കും നേരെ ഉണ്ടാകുന്ന മണൽ മാഫിയ സംഘത്തിന്റെ ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും ഈ മേഖലയിൽ ഇടത്തട്ടുകാരെ ഒഴിവാക്കിയും സർക്കാരിന് ഒരു വരുമാന മാർഗ്ഗമെന്ന നിലയിലും സുതാര്യമായ രീതിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉറപ്പു വരുത്തുന്നതിനുമായി മണൽ സംഭരണവും വിൽപ്പനയും സാധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ മേധാവികളെ വിളിച്ച് ചേർത്ത് ആവശ്യമായ കൂടിയാലോചനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ